**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **2035**

**06.02.2019 ൽ**
**മറുപടിയ്ക്ക്**

## തൃശ്ശൂർ ജില്ലയിൽ വിവിധ കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ എസ്.സി/എസ്.ടി. സ്പെഷ്യൽ കോടതിയും പോക്സോ കോടതിയും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ:<br><br>(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ:<br><br>(സി) ജില്ലയിൽ എവിടെയാണ് പ്രസ്തുത കോടതികൾ അനുവദിക്കുക എന്ന് അറിയിക്കാമോ:<br><br>(ഡി) ഈ കോടതികളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും പട്ടികജാതി പട്ടിക വർഗ അതിക്രമങ്ങൾ തടയൽ ആക്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്ത് കോടതികളിൽ വിചാരണയിലിരിക്കുന്ന കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണത്തിന്റെ ബാഹുല്യം കണക്കിലെടുത്ത് തയ്യാറാക്കിയ പുതുക്കിയ മുൻഗണനാപട്ടിക പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ 3 സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ<br>1) 'തിരുവനന്തപുരം' ജില്ലാ അധികാര പരിധിയായി തിരുവനന്തപുരത്തും<br>2) ആലപ്പുഴ, കോട്ടയം ജില്ലകളുടെ അധികാരപരിധിയിൽ 'പത്തനംതിട്ട'യിലും<br>3) 'ഇടുക്കി'യിൽ ഇടുക്കി എറണാകുളം ജില്ലകളുടെ അധികാരപരിധി ഉൾപ്പെടുത്തി കോടതികൾ രൂപീകരിക്കുന്ന വിഷയവും പാലക്കാട്, മലപ്പുറം, വയനാട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്ന സ്പെഷ്യൽ കോടതികളുടെ അധികാരപരിധി പുനഃക്രമീകരിച്ച് എല്ലാ ജില്ലകളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന വിഷയവും |

സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലയുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പോക്സോ കോടതികൾ ആരംഭിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ ചെയ്തിട്ടുണ്ട്. ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ